## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1954 — 11-02-2020-ൽ മറുപടിക്ക്.

## സി-ഡിറ്റിന്റെ കമ്പനിവത്കരണം

ചോദ്യം
ശ്രീ.അനിൽ അക്കര

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കമ്പനിവത്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാരോടും സംഘടനകളോടും ചർച്ചകളൊന്നും നടത്താതെ ഇരുപത്തി നാലാമത് സി-ഡിറ്റ് ഗവേണിംഗ് ബോഡി രജിസ്ട്രാറോട് പ്രൊപ്പോസൽ നൽകുവാനാവശ്യപ്പെട്ടതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ,സി-ഡിറ്റ് കമ്പനിവൽക്കരിക്കുവാൻ ഉദ്ദേശ്യമുണ്ടോ, വിശദമാക്കുമോ; | (എ) | സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മാതൃകയിലുള്ള ഏജൻസി എന്ന നിലയിൽ ടെണ്ടറുകളിലും മറ്റും പങ്കെടുക്കുന്നതിനായി സി-ഡിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശം തയ്യാറാക്കാൻ സി-ഡിറ്റ് ഭരണ സമിതി തീരുമാനമെടുത്തിരുന്നു. സി-ഡിറ്റ് കമ്പനിവൽക്കരിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |
| (ബി) | സി-ഡിറ്റിന് അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ട് ഉപയോഗിച്ച് വർഷങ്ങളായി കോടിക്കണക്കിനു രൂപയുടെ ഉപകരണങ്ങളും സോഫ്റ്റ്‌വെയറുകളും ക്രമവിരുദ്ധമായി വാങ്ങിക്കൂട്ടിയെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്ലാൻ ഫണ്ട് വിനിയോഗം ഗുണപരമായ രീതിയിൽ തന്നെയാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | പദ്ധതിയിനത്തിൽ സർക്കാർ സി-ഡിറ്റിന് അനുവദിക്കുന്ന തുക ആയത് ചെലവഴിക്കുന്നതിനായുള്ള ഭരണാനുമതി പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കുന്നത്. സി-ഡിറ്റ്, പ്ലാൻ ഫണ്ട് വിനിയോഗം ഗുണപരമായ രീതിയിൽ തന്നെയാണ് നടത്തിയിട്ടുള്ളത്. |
| (സി) | കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് സി-ഡിറ്റിന് അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ട് വകമാറ്റി ചെലവഴിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഈ ഇനത്തിൽ സി-ഡിറ്റിന് പ്ലാൻ ഫണ്ട് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ